(ബി) വാർഷിക പ്രീമിയം തുക എത്രയാണ്; ഇതിൽ തൊഴിലാളി, സർക്കാർ വിഹിതം എത്രവീതമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൈത്തറിത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. ഓരോ വർഷത്തേക്കാണ് ഈ പദ്ധതി. കഴിഞ്ഞവർഷം 2018 തൊഴിലാളികൾ ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്.

(ബി) ഈ പദ്ധതിയുടെ വാർഷിക പ്രീമിയം 120 രൂപയാണ്. അതിൽ 60 രൂപ കേന്ദ്ര വിഹിതവും 40 രൂപ സംസ്ഥാന വിഹിതവും 20 രൂപ നെയ്ത്തുകാരനുമാണ് അടയ്ക്കേണ്ടത്.

കൈത്തറി സംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ നൽകിയ തുക

11 [1306] ശ്രീ. എ. എ. അസീസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-2003, 2003-2004 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ കൈത്തറി സംഘങ്ങൾക്ക് എത്ര തുക റിബേറ്റ് ഇനത്തിൽ കൊടുത്തിട്ടുണ്ട്;

(ബി) റിബേറ്റ് കുടിശ്ശികയിനത്തിൽ ഏതു വർഷം വരെ ഉള്ളതാണ് നൽകാനുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2002-2003-ൽ പ്രാഥമിക കൈത്തറി സഹകരണസംഘങ്ങൾക്ക് 64.37 ലക്ഷം രൂപയും ഹാൻടെക്സിന് 25.14 ലക്ഷം രൂപയും, ഹാൻവീവിന് 56.29 ലക്ഷം രൂപയും റിബേറ്റ് ഇനത്തിൽ നൽകിയിട്ടുണ്ട്. 2003-2004-ൽ പ്രാഥമിക കൈത്തറി സഹകരണസംഘങ്ങൾക്ക് 47.67 ലക്ഷം രൂപയും, ഹാൻടെക്സിന് 73.48 ലക്ഷം രൂപയും ഹാൻവീവിന് 28.85 ലക്ഷം രൂപയും റിബേറ്റ് ഇനത്തിൽ നൽകിയിട്ടുണ്ട്.

(ബി) പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് 2001-2002 വർഷം മുതലുള്ളതും ഹാൻടെക്സിനും ഹാൻവീവിനും 2003-2004 വർഷം മുതലുള്ള റിബേറ്റ് കുടിശ്ശികയും നൽകാനുണ്ട്.

കേരള ഹാന്റിക്രാഫ്ട് ഡെവലപ്മെന്റ് കോർപ്പറേഷനിലെ നിയമനം

12 [1307] ശ്രീ. എം. എ. വാഹീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹാന്റിക്രാഫ്ട് ഡെവലപ്മെന്റ് കോർപ്പറേഷനിൽ പ്യൂൺ/ഹെൽപ്പർ തസ്തികകളിൽ 31-1-2002-ന് കേരള പി.എസ്.സി. പ്രസിദ്ധീകരിച്ച ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികളെ നിയമിച്ചു;

(ബി) ഈ തസ്തികകളിൽ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്;

(സി) ഈ തസ്തികകളിൽ ഇപ്പോൾ താല്ക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly